രാമചരിതം: ഇരുപത്തൊൻപതാം പടലം

വ്യാഖ്യാ: ഡോ. ആശാലത



രാമചരിതം: ഇരുപത്തൊൻപതാം പടലം
വ്യാഖ്യാതാവ്: ഡോ. ആശാലത
(മലയാളം: കവിത)

Editorial content © 2023, Dr. Ashalatha

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution ShareAlike license for free download and usage.

Rama's Journey, a painting by Annonymous. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

രാമചരിതം:
ഇരുപത്തൊൻപതാം പടലം

ലങ്കയിലെത്തിയ രാമ-ലക്ഷ്മണന്മാരും വാനരപ്പടയും അവിടമാകെ തച്ചുടയ്ക്കുമ്പോൾ ഇതൊന്നും മറിയാതെ ഉറക്കത്തിലാണ്ടുപോയിരുന്ന കുംഭകർണ്ണനെ രാവണന്റെ ആജ്ഞയനുസരിച്ച് രാക്ഷസന്മാർ ഉണർത്തുന്നു. അവിടെ നടന്ന വൃത്താന്തമെല്ലാമറിഞ്ഞു രാവണന് സഹായവുമായി കുംഭകർണ്ണൻ എത്തുന്നതാണ് സന്ദർഭം. രാമ-ലക്ഷ്മണന്മാരെയും വാനരപ്പടയെയും വധിച്ചതിനു ശേഷം മാത്രം രാവണനെ കാണുമെന്നു ശഠിച്ച കുംഭകർണ്ണൻ മറ്റുള്ളവരുടെ അപേക്ഷയനുസരിച്ച് രാവണ സമീപത്തേക്കു പോകുന്നു.

പാട്ട് 1

അറൈന്തനരവർകൾ കൈയൊ
ത്തടങ്കിയുമലറിയും നി-
ൻറുറങ്കിയേ കിടന്തരക്കനുടലം
പോയ് നിവിരക്കണ്ടു
പറന്ത പോയ് മറൈന്തിതൊക്കെ
പ്പരന്തവൻ പടൈയുമെല്ലാം
നിറം പെറയുയിർത്ത കൊൾവാൻ
തിരണ്ടെഴ മാചൈയ്കൊണ്ടേ

കുംഭകർണ്ണനെ ഉണർത്താനായി രാക്ഷസന്മാർ ഒറ്റക്കെട്ടായി നിന്ന് ക്രമത്തിൽ ഊക്കോടെ പ്രഹരിച്ചുകൊണ്ടിരുന്നു. അവന്റെ ശരീരം നിവരുന്നതുകണ്ട് അവരെല്ലാം ജീവനിൽ കൊതി പൂണ്ട് അവിടെനിന്നും ഓടി മറഞ്ഞു.

കുറിപ്പ്

കൈയൊത്ത് — ഒറ്റക്കെട്ടായി
അടങ്കി — അടങ്ങി
ഉയിർത്ത കൊള്ളുക — ജീവിക്കുക
തിരണ്ടെഴും — വർദ്ധിച്ച
ആചൈ — ആശ

പാട്ട് 2

കൊണ്ടല് പോല് നിറമിരുണ്ടു
കൊടുമചേർക്കൂറ്റമെൻറു
കണ്ടവർ നടുങ്കം കുംപ
കരുണനപ്പോതുണർത്ത
പണ്ടുകണ്ടറിയാവണ്ണം
പലവിതമിറച്ചിയോടും
കണ്ട ചെഞ്ചോരിമറ്റും
കനിവോട നകർന്തിരുന്താൻ.

മേഘം പോലെ കറുത്തിരുണ്ടവനും കാലനെപ്പോലെ ഭയമുളവാക്കുന്നവനും കുംഭകർണ്ണൻ ഉണർന്നു. മുമ്പു കാണാത്ത മട്ടിലുള്ള പല തരത്തിൽപെട്ട ഇറച്ചിയും ചെഞ്ചോരയും നുകർന്നുകൊണ്ടിരുന്നു.

കുറിപ്പ്

കൊടുമൈയ് — ക്രൂരത
കൂറ്റം — കാലൻ
ചെംച്ചോരി — ചെമന്ന ചോര

പാട്ട് 3

ഇരുന്തവൻ കഴല് വണങ്കി
യിമൈന്ത കൺ തുറക്കും മുന്നേ
പറന്ത വല്ലരക്കരോടുപകൈയർ
തൻ കാലൻ ചൊൻറാൻ
വിരൈന്തെന്നോടുരൈക്ക
നിങ്കൾ വിരോതമാർ നമുക്കു ചെയ്യോർ
വരംകൊൾ താനവരോ
മറ്റവുണരോ വാനുളാരോ

ശത്രു കുലാന്തകനായ കുംഭകർണ്ണന്റെ കാൽ വണങ്ങി നിന്ന രാക്ഷസരോട്, നമുക്കു വിരോധം ചെയ്തത് ദാനവരോ, അസുരരോ, ദേവന്മാരോ എന്ന് അദ്ദേഹം ചോദിക്കുന്നു.

കുറിപ്പ്

ഇമൈയ്ന്ത — അടച്ച
പറന്ത — പറന്നെത്തിയ
പകൈയർ തൻ കാലൻ — ശത്രുക്കളുടെ കാലൻ
അവുണർ — അസുരർ
വാനുളാർ — ദേവന്മാർ

പാട്ട് 4

വാനുളാരല്ല നല്ല വരം
കിളരവുണരല്ല
താനവരാരുമല്ല തെയരത
തനയന്മാരും
വാനരപ്പടൈയും വന്തുമലി
പുകഴിലങ്കൈയെൻറു-
മൂനമറ്റിരുന്തതെല്ലാ
മുടനുടൻ പൊടിപടുത്താർ.

ദേവന്മാരോ വരപ്രഭാവമേറിയ അസുരരോ ദാനവരോ അല്ല. ദശരഥ പുത്രന്മാരും വാനരപ്പടയും വന്ന്, ഐശ്വര്യത്തോടെ നിലകൊണ്ടിരുന്ന ലങ്കയെല്ലാം വളരെ വേഗം തരിപ്പണമാക്കിയെന്ന് രാക്ഷസന്മാർ കുംഭകർണ്ണനോടു പറയുന്നു.

കുറിപ്പ്

വാനുളാർ — ദേവന്മാർ
മലി പുകഴി — വർദ്ധിച്ച കീർത്തിയോടുകൂടിയ
പൊടിപടുത്താർ — പൊടിയാക്കി

പാട്ട് 5

പൊടിപടുത്തളവെതിർത്താൻ
പുകഴ്മികുമിലങ്കൈവേന്തൻ
കൊടുകൊടുത്തരചൻ വില്ലും
കുതിരൈയായിരവും തേരും
തുടുതുടക്കണൈകൾ തൂവി
ത്തുണിത്തപോതുയിരിനോടു-
മുടലോടും തെയുമുകൻ
പോന്തൊരു വണ്ണമകത്തു പുക്കാൻ.

ലങ്കയെ ആക്രമിച്ച വേളയിൽ ലങ്കാധിപൻ എതിർത്തെങ്കിലും അതി ക്രൂരനായ രാമൻ, വില്ലും ആയിരം കുതിരയും തേരുമായി തുരുതുരെ അമ്പുകളും പായിച്ച് നേരിട്ട വേളയിൽ ഒരു വിധത്തിൽ ദശമുഖൻ ജീവനും കൊണ്ട് രക്ഷപ്പെടുകയായിരുന്നു എന്നു രാക്ഷസർ കുംഭകർണ്ണനെ അറിയിച്ചു.

കുറിപ്പ്

പുകഴ്മികം — പേരുകേട്ട
ഇലങ്കയി വേന്തൻ — ലങ്കാധിപൻ
കൊടുകൊടുത്തരചൻ — അതിക്രൂരനായ രാജാവ്
തുണിത്തപോത് — മുറിവേല്പിച്ചപ്പോൾ
പുക്കാൻ — പ്രവേശിച്ചു

പാട്ട് 6

അകത്തു പുക്കരുളി ച്ചെയ്താ
നരക്കർ കോനവിടമെല്ലാം
ചുകച്ചൊല് കൈകതി
പയന്ന ചുരനോടറിയിക്കെൻറെ
മികത്തതാചരതിതന്ന
വെല്ലാവോരില്ല മറ്റു
പകൈത്തിതങ്കുണർത്തവേണ്ടി
പ്പയംപെരുത്തുണർത്തിതെൻറാർ.

രാക്ഷസ രാജാവായ രാവണൻ അകത്തുകടന്ന്, ശുകവാണി യായ കൈകസി പ്രസവിച്ച ശൂരനായ കുംഭകർണ്ണനോട് അക്കാര്യമെല്ലാം അറിയിക്കുക എന്ന് അരുളിച്ചെയ്തു. വമ്പനായ ദാശരഥിയെ ജയിക്കാൻ മറ്റാർക്കും സാധ്യമല്ലാത്തതിനാൽ ഭയം കൊണ്ട് പരിഭ്രമിച്ച് ഇതറിയിക്കാൻവേണ്ടിയാണ് ഉണർത്തിയത് എന്നു രാക്ഷസർ പറഞ്ഞു.

കുറിപ്പ്

ചുകച്ചൊൽ — സുഖവാണി
കൈകതി — കൈകസി
പയന്ന — പ്രസവിച്ച
ച്ചു രൻ — ശൂരൻ
വെള്ളാവോർ — ജയിക്കാവുന്നവർ
ഉണർത്ത വേണ്ടി — അറിയിക്കുവാനായി

പാട്ട് 7

ഉണർത്തിനകാരണം കേട്ടുമ്പർതം
പകൈയനെങ്കില്
തുണിച്ചെയ്യാ മരികലത്തെ
ത്തുടുതുട വിഴുങ്കിവേന്തർ
നിണത്തെയും കടിത്തിറച്ചി
നേരെയെൻകവുട്ടടത്തി-
ലണൈയ്യകൊണ്ടിലങ്കൈ
മന്നനടിയിണൈ തൊഴവേനെൻറാൻ.

ദേവ ശത്രുവായ കുംഭകർണ്ണൻ, താൻ വാനരകുലത്തെ തുടുതുടെ വിഴുങ്ങി ഇല്ലാതാക്കുമെന്നും രാമ ലക്ഷ്മണന്മാരുടെ ചോര കുടിച്ച് അവരുടെ മാംസം തന്റെ കവിളിണയിൽ ചേർത്തുകൊണ്ട് ലങ്കാധിപന്റെ കാൽ വന്ദിക്കുന്നുണ്ടെന്നും പറയുന്നു.

കുറിപ്പ്

ഉമ്പർതംപകൈയെൻ — ദേവശത്രു
തുണി ചെയ്യാം — തുണ്ടം തുണ്ടമാക്കാം
കവുട്ടടം — കവിൾത്തടം

പാട്ട് 8

അടിയിണൈ തൊഴതടല്ലാ
യടുപ്പതെൻറരക്കർ കൂറ-
ക്കടിയ പോരുടൈയ കുംപ
കരുണൻ കൈ തൊഴുത ചെൻറു
വടിവിലുന്മതം പൊഴിന്ത
വളരിളംകുഞ്ചരം പോല്
തടവിന വടിവുപൂണ്ട
തെചമുകനരുകിരുന്താൻ.

രാവണന്റെ ദുഃഖം അകറ്റണമെന്ന രാക്ഷസരുടെ വാക്കുകേട്ട് കുംഭകർണ്ണൻ, മദംപൂണ്ടു നിൽക്കുന്ന യുവഗജം പോലെ നിന്ന ദശമുഖന്റെ അടുത്ത് ചെന്നു നിന്നു.

കുറിപ്പ്

കൂറ — പറയുമ്പോൾ
ഉന്മതം — ഉന്മദം
വളരിളം കുഞ്ചരം — വലിയ യുവഗജം

പാട്ട് 9

ഇരുന്തവനോട് ച്ചൊൻറാ
നിരാവണനിരാമനോടേ
തിരിന്തോരോ വനങ്കടോറും
തെണ്ടകവനത്തില് വന്തു
ഇരുന്ത മൈതിലിയെയാൻ
കട്ടെടുത്തുകൊണ്ടിലങ്കൈ പുക്കേ
നരുന്തുയർ പിടിത്തവൻ
പോന്തരിവരർ ചൂഴവന്താൻ.

രാമനോടോപ്പം വനങ്ങൾ തോറും അലഞ്ഞു തിരിഞ്ഞ് ദണ്ഡകാരണ്യത്തിൽ എത്തിയ മൈഥിലിയെ താൻ കട്ടെടുത്ത് ലങ്കയിൽ പ്രവേശിച്ചു എന്നും ആ കോപത്താലാണ് രാമൻ വാനര വീരന്മാരുമായി വന്നിരിക്കുന്നതെന്നും രാവണൻ കുംഭകർണ്ണനെ അറിയിക്കുന്നു.

കുറിപ്പ്

തെണ്ടകവനം — ദണ്ഡകാരണ്യം
അരുന്തുയർ — വലിയ ദുഃഖം

പാട്ട് 10

വന്തവനോടു പോരില്
മറുത്തവല്ലരക്കരെല്ലാം
അന്തകപുരം പുകന്താ
രരുംപടൈയോടും കൂട
എന്തിനിയിവനെ വെല്വാ
നികലിടയാവു തെൻറു
ചിന്തൈയിലെഴുന്ത വണ്ണം
തിരിയുമാറ്റിയ വല്ലോൻ

രാമനോടു പോരിലെതിർത്ത ശക്തന്മാരായ രാക്ഷസന്മാരെല്ലാം കാലപുരി പൂകി. യുദ്ധത്തിൽ ജയിക്കാൻ എന്താണു വേണ്ടതെന്നതിനെക്കുറിച്ച് എത്ര ചിന്തിച്ചിട്ടും ഒരു ദ്രുപവുമില്ലെന്ന് രാവണൻ പറയുന്നു.

കുറിപ്പ്

ഇകലിട — യുദ്ധത്തിൽ
ചിന്തൈയിലെഴുന്ത വണ്ണം — വിചാരത്തിലുണ്ടായ മാതിരി
അറിയവല്ലോൻ — അറിയാൻ സാധ്യമല്ല

പാട്ട് 11

അറിവിലേനവനെ വെല്വാനാം
വഴിയെൻറി വണ്ണം
കുറൈവറുമിലങ്കൈ വേന്തൻ
കൂറിന വചനം കേട്ടു
അറുതി വന്തണൈന്തുതെന്മ
തഴകതായറിന്തു വേണ്ടാ
കറുകറുക്കെൻറു കുംപകരുണൻ
കൈ പണിന്തുരൈത്താൻ

ആ രാമനെ ജയിക്കാൻ മതിയായ മാർഗ്ഗം തനിക്കറിയില്ല എന്ന ലങ്കാധിപന്റെ വാക്കു കേട്ട് മരണം വന്നണഞ്ഞു എന്നു തോന്നി ചാഞ്ചല്യമുരുത്തെന്ന് കുംഭകർണ്ണൻ തൊഴുതു പറഞ്ഞു.

കുറിപ്പ്

അറിവിലേൻ — ഞാൻ അറിയുന്നില്ല
അഴകതായി — ഭംഗിയായി
കറുകറുക്ക — കോപത്തോടെ

ഡോ. ആശാലത



പ്രൊഫസർ (റിട്ട.), ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുകയോ, ഈ വെബ് പേജിൽ കമന്റുകളായി ചേർക്കുകയോ ചെയ്യുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014